D – 4949

Reg. No. : .....

Name : .....

First Semester B.A./B.Sc. Degree Examination, February 2018
First Degree Programme Under CBCSS
MALAYALAM LANGUAGE
Language Course – II : Additional Language – I
ML 1111.1 : മലയാളകവിത
(2014 Admission Onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1) മഹാഭാരതം കിളിപ്പാട്ടിലെ ഏതു പർവ്വത്തിലാണ് പാർത്ഥസാരഥി വർണ്ണന ?

2) വടക്കൻ പാട്ടുകളുടെ പണിയാല എന്ന ഗ്രന്ഥത്തിന്റെ കർത്താവാര് ?

3) 'പടുപാട്ടൊന്നു പാടാത്ത കഴുതയില്ല' എന്ന് ആര് ആരെക്കുറിച്ച് പറയുന്നതാണ് ?

4) 'കുറ്റിപ്പുറം പാലം' എന്ന കവിത ഉൾപ്പെടുന്ന സമഹാരമേത് ?

5) 'ആയിഷ' എന്ന കവിത രചിച്ചതാര് ?

6) സ്മൃതിയുടെ നേർത്ത ഞരമ്പിൽ പിണഞ്ഞുയർന്നൊരു ലതയായി മറഞ്ഞു പോൽ – ആര് ?

7) 'കുറത്തി', 'കാട്ടാളൻ' എന്നീ കവിതകൾ എഴുതിയതാര് ?

8) മലയാള കവിതാ സാഹിത്യ ചരിത്രത്തിന്റെ കർത്താവ് ആര് ?

9) 'തുടിക്കുന്ന താളുകൾ' ആരുടെ ആത്മകഥയാണ് ?

10) മാമ്പഴക്കാലം എന്ന കവിതയുടെ കർത്താവാര് ? **(10×1=10 മാർക്ക്)**

P.T.O.

All Saints' College Trivandrum

II. **ഒരു** ഖണ്ഡികയിൽ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11) കിളിപ്പാട്ട് പ്രസ്ഥാനം – കുറിപ്പെഴുതുക.

12) വ്യർത്ഥമായ്ത്തോന്നുന്നു കഷ്ടമവൻ കാണാതെനിക്കുള്ള
നൃത്തഗീതാദികളിലെ നൈപുണി പോലും – വിവക്ഷയെന്ത് ?

13) സ്വാതന്ത്ര്യത്തിന്റെ നൂറുനൂറുൾത്താരകൾ എവിടെയൊക്കെ കാണാമെന്നാണ് കവി പറയുന്നത് ?

14) കറുത്ത ചെട്ടിച്ചികൾ എന്തെല്ലാമായിട്ടാണ് വീടുകൾ തോറും കയറിയിറങ്ങുന്നത് ?

15) കുടൽമാലകൾ കൊണ്ടു ജഗത്തിൽ
നിറമാലകൾ തൂക്കും ഞാൻ – ആര് ? ആരുടെ ? എങ്ങനെ ?

16) ജീവിതത്തേയും പകലിനെയും കവി നോക്കി കാണുന്നതെങ്ങനെ ?

17) 'മഴമേഘത്തെ നിർമ്മിച്ചു പറപ്പിക്കുന്നു' – സൂചിതമെന്ത് ?

18) 'മതിമോഹന ശുഭനർത്തനമാടുന്നയിമഹിതേ' – വിശേഷിപ്പിച്ചതാരെ ?
നർത്തകിയെ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

19) ഓർമ്മയിൽ നോവുന്നതു
മറക്കാൻ കഴിഞ്ഞെങ്കിൽ
ഓർമകളിനി മേലിൽ
പിറക്കാതിരുന്നെങ്കിൽ – ആരുടെ പ്രാർത്ഥനയാണ് ? എന്തുകൊണ്ട് ?

20) മാറ്റൊലിക്കവിയെന്ന നിലയിൽ വയലാറിന്റെ കവിതയെ വിലയിരുത്തുക.

21) ഏറിയ ദു:ഖത്തിലും ജീവിതോല്ലാസത്തിന്റെ
വേരുറപ്പിവിടേപ്പോൽ കാണുമോ വേറെങ്ങാനും – വിവക്ഷിതമെന്ത് ?

22) അമ്മത്തൊട്ടിൽ എന്ന കവിതയുടെ പ്രമേയമെന്ത് ? **(8×2=16 മാർക്ക്)**

III. **ഓരോന്നിനും 120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23) എഴുത്തച്ഛന്റെ പാർത്ഥസാരഥീ വർണ്ണന സൂക്ഷ്മസ്വഭാവ ചിത്രീകരണത്തിനു മികച്ച ഉദാഹരണമാണ്. വിശദീകരിക്കുക.

24) നാടൻപാട്ടുകളുടെ സവിശേഷത 'ഉണ്ണിയാർച്ചയുടെ അപേക്ഷയെ' മുൻനിർത്തി വിശദീകരിക്കുക.

All Saints College Trivandrum

25) കരപറ്റിനിന്നു വീണ്ടും കുണുങ്ങിത്തൻ കുളത്തിലേ –
ക്കരയന്നപ്പിടപോലെ നടന്നുപോയി – സന്ദർഭമെഴുതി ആശയം വിശദീകരിക്കുക.

26) ഇത്തറവാടിത്ത ഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ – വിശദമാക്കുക.

27) ഒരേ സമയം 'നിത്യമേഘം' കാളിദാസപ്രതിരൂപവും നമ്മുടെ കാവ്യഭാവുകത്വത്തിന്റെ സ്രോതസ്സുമാണെന്നു പറയാൻ കാരണമെന്ത് ?

28) ഉടവാൾ ഉരുക്കി കവി വീണതീർത്തതെന്തിന് ?

29) അമ്മേയറിയുന്നൂ നിന്റെ നൊമ്പരം
നുണയാത്തൊരമ്മിഞ്ഞപ്പാലിൻ മധുരത്താൽ – ആശയം വിശദീകരിക്കുക.

30) ചിറകു നീർത്തുവാനാകാതെ തൊണ്ടയിൽ
പിടയുകയാണൊരേകാന്തരോദനം – എന്തുകൊണ്ട് ?

31) ഉയിരിൻ കൊലക്കുടു –
ക്കാക്കാവും കയറിനെ –
യുഴിഞ്ഞാലാക്കിത്തീർക്കാൻ
കഴിഞ്ഞതല്ലേ ജയം ? വിശദമാക്കുക. **(6×4=24 മാർക്ക്)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32) കുമാരനാശാന്റെ വർണ്ണനാപാടവം കരുണ ഒന്നാംഭാഗത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

33) മലയാള കവിതയുടെ നർത്തനത്തെ ദൃശ്യാനുഭവമാക്കി മാറ്റാൻ ചങ്ങമ്പുഴയ്ക്ക് കഴിഞ്ഞിട്ടുണ്ടോ ? പരിശോധിക്കുക.

34) മലയാളത്തിലെ നവ്യകവിതയുടെ കർത്താവും പ്രയോക്താവുമായിരുന്നു അയ്യപ്പപ്പണിക്കർ. 'പുരൂരവസ്സ് ' എന്ന കവിതയെ മുൻനിർത്തി പര്യാലോചിക്കുക.

35) ദ്രാവിഡശീലുകളുടെ വന്യമായ താളത്തെ ആവാഹിച്ചവയായിരുന്നു കടമ്മനിട്ടയുടെ കവിതകൾ. കിരാതവൃത്തത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

(2×15=30 മാർക്ക്)

All Saints' College Trivandrum